ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ആരംഭിച്ചത്.

(സി) അഞ്ച് കോളേജുകളിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, പ്രിന്റിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്/ഹോട്ടൽ മാനേജ്മെന്റ് എന്നീ കോഴ്സുകൾ അതാത് മേഖലയിലെ വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ നടത്തുന്നു.

ഈ പദ്ധതിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾ:

I. ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്:

1. പോത്തൻസ് ഹോണ്ട പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
2. പോത്തൻസ് ഹ്യുണ്ടായി, മരുതൂർ, തിരുവനന്തപുരം
3. പോത്തൻസ് ഹ്യുണ്ടായി, മൂന്നാംകുറ്റി, കൊല്ലം
4. പോപ്പുലർ മോട്ടോഴ്സ്, മലപ്പുറം.

II. ഹോട്ടൽ മാനേജ്മെന്റ്:

1. ഉദയ സ്യൂട്ട്സ്, ശംഖുമുഖം, തിരുവനന്തപുരം.

III പ്രിന്റിംഗ് ടെക്നോളജി:

1. കേരള പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

(ഡി) കമ്മ്യൂണിറ്റി കോളേജ് സ്കീമിന് യു.ജി.സി. ധനസഹായം ലഭിക്കുന്നുണ്ട്. അഞ്ച് മേഖലകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളായ ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, പട്ടാമ്പി എന്നിവിടങ്ങളിലാണ് ഈ സ്കീം നടപ്പിലാക്കിയിരിക്കുന്നത്. 2014-ൽ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ വച്ച് സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ഈ സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ് നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് പ്രതിമാസ അവലോകനവും നടത്തിവരുന്നുണ്ട്.

സ്കൂൾ പി.റ്റി.എ. തെരഞ്ഞെടുപ്പ്

13 (3734) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പി.റ്റി.എ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചട്ടം നിലവിലുണ്ടോ ; എങ്കിൽ ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചട്ടപ്രകാരമാണോ പി.റ്റി.എ. തെരഞ്ഞെടുപ്പ് നടക്കുന്നത് ; ചട്ടത്തിൽ ഇളവ് നൽകാൻ അധികാരമുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പുല്ലാന്നൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് തെരഞ്ഞെടുപ്പ് ചട്ടപ്രകാരമാണോ നടന്നത് ; ഇത് സംബന്ധിച്ച് സർക്കാരിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരാതി ലഭിച്ചത് ; പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടമനുസരിച്ച് ലോക്കൽ ഗാർഡിയന്റെ നിർവ്വചനമെന്താണ് ; ലോക്കൽ ഗാർഡിയന് പി.റ്റി.എ. പ്രസിഡന്റ് ആകാൻ ചട്ടം അനുശാസിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അതെ. ചട്ടത്തിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വശിക്ഷാ അഭിയാൻ മുഖേനയുള്ള സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ

14 (3735) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാനിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര വീതം സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) എസ്.എസ്.എ. മുഖേന ഓരോ ജില്ലയിലും നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസി മുഖേനയാണ് എസ്.എസ്.എ. നിർവ്വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഓരോ ജില്ലയിലും എസ്.എസ്.എ.-ക്ക് കീഴിൽ നിർമ്മാണ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത ജീവനക്കാരുടെ നിയമനം താൽക്കാലികമാണോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ എന്നുള്ള വിശദാംശങ്ങൾ നൽകുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly